## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1481 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**മാലിന്യ സംസ്കരണ നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | മാലിന്യ സംസ്കരണം സംബന്ധിച്ച സർക്കാർ നയം വിശദമാക്കുമോ ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും, അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച്, റിസൈക്ലിംഗ് മേഖലക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും സംവിധാനങ്ങളുടെ സൃഷ്ടിക്കലും സ്വന്തമായി ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളൊന്നും സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ നിന്നുമുള്ള ജൈവമാലിന്യം പൊതുസംവിധാനങ്ങളിൽ എത്തിച്ച് സംസ്കരിക്കുക വഴി കേരളം രാജ്യത്തിനു മാതൃകയാകത്തക്കവിധത്തിൽ മാലിന്യമുക്തമാക്കുകയെന്നതാണ് പൊതുനയം. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകൾ 28.09.2016-ൽ സ.ഉ(പി)നം.41/2016/ആ.സാ.വ പ്രകാരം നിലവിൽ വന്നു. ഇതിൽ ശുചിത്വം - മാലിന്യ സംസ്കരണം, കൃഷി വികസനം, ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ടുള്ളതാണ് ഹരിത കേരളം മിഷൻ. ഹരിത കേരളം മിഷൻ ഉപദൗത്യമായ ശുചിത്വ മാലിന്യ സംസ്കരണ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 19.04.2017 പ്രകാരം പുറപ്പെടുവിച്ചു കഴിഞ്ഞു.<br><br>2016-17 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്ലാൻ ഫണ്ടിന്റെ 10% തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. 2017-18 വർഷത്തിൽ ജി.ഒ(എം.എസ്)നം.79/2017/തസ്വഭവ, തീയതി 03.04.2017, ജി.ഒ.(എം.എസ്) നം.72/2017/തസ്വഭവ, തീയതി 29.03.2017 പ്രകാരവും യഥാക്രമം നഗരസഭകൾക്കും ത്രിതല പഞ്ചായത്തുകൾക്കുമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത |

| | | | |
|---|---|---|---|
| | | | ഉത്തരവുകളിൽ പൊതുവിഭാഗം പ്ലാൻ ഫണ്ടിൽ നിന്നും നഗരസഭകൾ 15% വും പഞ്ചായത്തുകൾ 10% വും തുക മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി മാറ്റി വയ്ക്കുന്നതിനായും ഉത്തരവായിട്ടുണ്ട്.<br>മാലിന്യ സംസ്കരണം സംബന്ധിച്ച് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം മാലിന്യങ്ങൾ തെരുവോരങ്ങളിലും പൊതു സ്ഥലങ്ങളിലേക്കും വലിച്ചെറിയുന്നത് ഒഴിവാക്കുന്നതിനും ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് വേണ്ട അടിയന്തിര നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകി സ.ഉ(സാധാ)നം.2511/2017/തസ്വഭവ തീയതി 22.07.2017 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർക്കുലർ നം. 576/ഡി.സി1/16/തസ്വഭവ തീയതി 24.09.2016 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങളുടെ മോണിട്ടറിങ്ങിനുമായി സംസ്ഥാനതല മോണിറ്ററിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | തെരുവോരങ്ങളിൽ മാലിന്യങ്ങൾ കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | വീടുകളിലും സ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും ഉത്പാദിപ്പിക്കുന്ന ജൈവ, അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗാർഹിക, കമ്മ്യൂണിറ്റിതല സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും നിലവിലുള്ള കേന്ദ്രീകൃത പ്ലാന്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയും സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കിക്കൊണ്ട് തെരുവോരങ്ങളിൽ മാലിന്യമെത്തുന്ന സ്ഥിതി ഒഴിവാക്കപ്പെടുത്തുന്നതിനുതകുന്ന നടപടികളാണ് സ്വീകരിച്ച് വരുന്നത്. |

സെക്ഷൻ ഓഫീസർ